**വ്യക്തിപരമായ വിശദീകരണം**

ശ്രീ. പി. കെ. ബഷീറിന്റെ പരാമർശം

ശ്രീ. എം. നൗഷാദ്: സർ, ഇന്നലെ (11-02-2020) ഈ സഭയിൽ പഞ്ചായത്ത്‌രാജ്, മുനിസിപ്പാലിറ്റി ബില്ലുകളുടെ ഭേദഗതി ചർച്ചാവേളയിൽ ഇടപെട്ട് സംസാരിച്ച ബഹുമാന്യനായ പി. കെ. ബഷീർ കഴിഞ്ഞ കൊല്ലം കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ഞാൻ ഡെപ്യൂട്ടി മേയറായി തെരഞ്ഞെടുക്കപ്പെട്ടത് എസ്.ഡി.പി.ഐ. ഉൾപ്പെടെയുള്ള വർഗ്ഗീയ പാർട്ടികളുടെയും സംഘടനകളുടെയും പിന്തുണയോടുകൂടിയാണെന്ന പരാമർശം നടത്തുകയുണ്ടായി. ഇത് തികച്ചും അടിസ്ഥാനരഹിതമാണ്. ഇത് വളരെ ബോധപൂർവ്വം എന്നെ വ്യക്തിപരമായി ആക്ഷേപിക്കുന്നതിനുവേണ്ടി നടത്തിയ പരാമർശമാണ്. ലീഗിന്റെ ജില്ലാ പ്രസിഡന്റും ഹൈപവ്വർ കമ്മിറ്റിയംഗവും മുൻ നിയമസഭാ അംഗവും പഞ്ചായത്ത് പ്രസിഡന്റും ജില്ലാ കൗൺസിൽ മെമ്പറും കോർപ്പറേഷൻ കൗൺസിലറുമൊക്കെയായിരുന്ന എന്റെ അയൽക്കാരൻ കൂടിയായിരുന്ന ശ്രീ. യൂനസ് കുഞ്ഞിനെ 2005-ലെ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ 1838 വോട്ടിന്റെ ഭൂരിപക്ഷത്തിൽ തോൽപ്പിച്ച അന്നുമുതൽ തുടങ്ങിയ വ്യക്തിപരമായ ആക്ഷേപങ്ങളുടെ തുടർച്ചയായാണ് ഈ പരാമർശം

ഇവിടെ നടത്തിയിട്ടുള്ളത്. എന്റെ പഞ്ചായത്ത് വടക്കേവിളയായിരുന്നു, തൊട്ടടുത്ത പഞ്ചായത്തായ ഇരവിപുരത്തെ ഭരണപങ്കാളിയായിരുന്ന ലീഗിന് ഇപ്പോൾ കൊല്ലം കോർപ്പറേഷൻ കൗൺസിലിൽ ഒരൊറ്റ അംഗം പോലുമില്ലാതെ ഒരു ബിഗ് സീറോ ആയിപ്പോയതിന്റെ കുശുമ്പാണ് ശ്രീ. പി. കെ. ബഷീർ ഇപ്പോൾ ഇവിടെ കാണിച്ചിട്ടുള്ളത്. വസ്തുത എന്താണെന്ന് ചോദിച്ചാൽ ഞാൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ടത് എസ്.ഡി.പി.ഐ.-യുടെയോ മറ്റോ പിന്തുണയോടുകൂടിയല്ല. അവിടെ യു.ഡി.എഫ്. അംഗമായിരുന്ന, കോൺഗ്രസിന്റെ അംഗമായിരുന്ന ശ്രീ. സതീശൻ എനിക്ക് വോട്ട് ചെയ്തുവെന്നുള്ളത് വസ്തുതയാണ്. കോൺഗ്രസിനെ വർഗ്ഗീയ പാർട്ടിയായി ഞാൻ ഇന്നുവരെ കണ്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇത് ബോധപൂർവ്വം വ്യക്തിപരമായി ആക്ഷേപിക്കാൻവേണ്ടി നടത്തിയതാണ്. ഈ പരാമർശം രേഖകളിലുണ്ടാകാൻ പാടില്ല. അടിസ്ഥാനരഹിതമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. പി. കെ. ബഷീർ നടത്തിയ പരാമർശം പിൻവലിക്കേണ്ടതാണെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ...(മൈക്ക് ഓഫ്)...

മി. സ്പീക്കർ: ചട്ടം 288 പ്രകാരമുള്ള വിശദീകരണത്തിൽ ചർച്ചയില്ല.

അങ്ങയുടെ ആവശ്യമെന്താണ്. പറഞ്ഞത് പിൻവലിക്കാൻ വേണ്ടിയാണോ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ അങ്ങനെ പറഞ്ഞില്ല. സഭാരേഖ നോക്കണം. വെറുതേ നന്നായി പ്രസംഗിക്കാൻ അവസരം കിട്ടിയെന്നല്ലാതെ വേറെ എന്താണ്.